## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 885 — 01/03/2017-ൽ മറുപടിയ്ക്ക്.

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.<br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കിക്കൊണ്ട് സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തികസഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കുന്നതിനുവേണ്ടി മിൽമയുടെ മേഖല യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) മേൽത്തരം കന്നുകാലികളെ കർഷകർക്ക് നൽകുന്നതിനായി കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

(ബി) മേൽത്തരം കന്നുകാലികളെ കർഷകർക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉല്പാദനക്ഷമതയുള്ള സങ്കരയിനം കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് എം.എസ്.ഡി.പി പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. ഒരു പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വീതമുള്ള ഡെയറി യൂണിറ്റുകൾക്ക് ക്ഷീരകർഷകർക്ക് സഹായം നൽകുന്നു.

കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ സമഗ്രക്ഷീരവികസന പദ്ധതിയിലൂടെയും 5 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയിലൂടെയും ഉല്പാദനക്ഷമത കൂടിയ മേൽത്തരം കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിൽമയുടെ മലബാർ മേഖല യൂണിയൻ കിടാരി പരിപാലന പരിപാടി വഴി ഒരു വർഷം 3000 കിടാരികളെ വളർത്തി കൊണ്ട് വരുന്നു. പ്രോജനി ടെസ്റ്റിംഗ് പദ്ധതിയിൽ പിറന്ന 5000 പശുക്കിടാങ്ങളെ ദത്തെടുത്ത് വളർത്തുന്ന പദ്ധതി 01.02.2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

എറണാകുളം മേഖല യൂണിയൻ 83 ക്ഷീരസംഘങ്ങളിൽ പ്രവർത്തിക്കുന്ന കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളിലൂടെ ഉയർന്ന ജനിതക ഗുണമുള്ള ബീജ ഡോസുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

തിരുവനന്തപുരം മേഖല യൂണിയൻ കാഫ് അഡോപ്ഷൻ സ്കീം പ്രകാരം 5000 കിടാരികളെ ദത്തെടുത്ത് 20 മാസം ആകുന്നതുവരെ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകി വളർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.